അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ

26 (*476) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. ഹംസ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന ബസുകൾ ഉൾപ്പെടെ പതിവായി അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടങ്ങളുടെ മുഖ്യ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) പുതിയ ബസുകൾ ഉൾപ്പെടെ അപകടത്തിൽപ്പെടുന്നതുമൂലമുണ്ടാകുന്ന ബാധ്യത വർദ്ധിച്ചു വരുന്നുണ്ടോ ;

(ഡി) അന്തർ സംസ്ഥാന ദീർഘദൂര ബസുകൾ ഓടിക്കുന്നതിന് രണ്ടു വീതം ഡ്രൈവർമാരെ നിയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ഡ്രൈവർമാരുടെ അശ്രദ്ധയും അമിത വേഗതയും സാങ്കേതിക തകരാറുകളുമാണ് അപകടങ്ങളുടെ മുഖ്യകാരണങ്ങൾ.

(സി) ഉണ്ട്.

(ഡി) ഒരേ സമയം രണ്ടു ഡ്രൈവർമാരെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നില്ല. പകരം നിശ്ചിത ദൂരത്തിലുള്ള ഡിപ്പോയിൽ നിന്നും പുതിയ ഡ്രൈവറെ നിയോഗിക്കുകയാണ് ചെയ്യുന്നത്. കൂടാതെ മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയതുപോലെ ഡ്രൈവർ-കം-കണ്ടക്ടർമാരെ നിയോഗിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ധ സംഘം

27 (*477) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ധ സംഘത്തിന് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എളുപ്പത്തിൽ സേവനം ലഭ്യമാക്കാവുന്ന വിധത്തിലാണോ സംസ്ഥാന ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ധരുടെ സംഘത്തെ വിന്യസിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിന് പ്രത്യേക ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിഭാഗത്തിന് നേവിയുടെ മുങ്ങൽ വിദഗ്ധർക്ക് നൽകുന്ന വിധത്തിലുള്ള ട്രെയിനിംഗും സൗകര്യങ്ങളും ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഡിപ്പാർട്ടുമെന്റ് തലത്തിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഈ വകുപ്പിലെ വിവിധ ഡിവിഷനുകൾ കേന്ദ്രീകരിച്ച് നീന്തലറിയാവുന്ന ജീവനക്കാരെ ഏകോപിപ്പിച്ച് ഡൈവിംഗ് ടീം പരിശീലനം നൽകി രൂപീകരിച്ചിട്ടുണ്ട്. ഫിസിക്കലി ഫിറ്റ് ആണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് പരിശീലനം നൽകുന്നത്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ സേവനം ലഭ്യമാക്കുന്നതിനായി 5 മേഖലാ ആഫീസുകളുടെ കീഴിലും 14 ജില്ലാ ആസ്ഥാന ആഫീസുകളുടെ കീഴിലുമാണ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. വകുപ്പിന്റെ കീഴിൽ മുങ്ങൽ വിദഗ്ധരുടെ 12 ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. 142 പേരാണ് സംഘത്തിലുള്ളത്. അപകടമുണ്ടാകുമ്പോൾ എല്ലാ ജില്ലകളിൽ നിന്നുമുള്ള മുങ്ങൽ വിദഗ്ധരുടെ സേവനം ലഭ്യമാകുന്ന വിധത്തിലാണ് സംഘത്തെ വിന്യസിച്ചിട്ടുള്ളത്.

(സി) പ്രസ്തുത വിഭാഗത്തിന് പ്രത്യേക ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 28-2-2014-ലെ സ.ഉ. (എംഎസ്.) 41/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ ജീവനക്കാരെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡിപ്പാർട്ടുമെന്റ് തലത്തിലാണ് നിലവിൽ പരിശീലനം നൽകിവരുന്നത്. നേവിയുടെ മുങ്ങൽ വിദഗ്ധർക്ക് നൽകുന്ന വിധത്തിലുള്ള ട്രെയിനിംഗും സൗകര്യങ്ങളും നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly